MAHBIL/2015/63218 | MNE/353/2021-23 | MR/Tech/WPP-323/NE/2021-23

# Kalyan Lantern

JANUARY 2022

Vol. 07 | Issue 08 | MUMBAI | 32 Pages | Price: ₹10/-




## MY LORD AND MY GOD

Hearty Congratulations & Prayers

NEW PRIESTS OF DIOCESE OF KALYAN



Fr. Albin Koonammavu



Fr. Jackson (Sebastian) Attichirayil

KALYAN LANTERN
DIOCESE OF KALYAN

YOUR WORD IS A LAMP TO
MY FEET & A LIGHT TO MY PATH

JANUARY 2022
Vol. 07 | Issue 08

**PATRON**
Bishop Mar Thomas Elavanal

**CHAIRMAN**
Msgr. Dr. Francis Eluvathingal

**CHIEF EDITOR**
Fr. Biju Mannamcheril

**ASSOCIATE EDITOR**
Fr. Jerry Alex Maleparambil

**EDITORIAL BOARD**
Dr. C.P. Johnson
Mr. George Chirayath
Ms. Jerin Jacob
Mr. Babu Mathew

**MARKETING MANAGERS**
Fr. Dr. George Vattamattam
Mr. Roy Philip

**CIRCULATION MANAGER**
Fr. Fibin Kanjiraparambil

**OFFICE SECRETARY**
Mr. Joseph Chiramal

**DESIGN & LAYOUT**
Mr. Josemon Vazhayil

Diocese of Kalyan, Plot No. B/38,
P.B. No. 8434, IIT P.O., Powai,
Mumbai, Maharashtra, India 400076.
Tel. (+91) (022) 2578 5515, 2578 2385
E-mail: kalyanlantern@gmail.com
Website: www.kalyandiocese.com
Matrimonial: www.godsownchoice.com

MAHBIL/2015/63218 | MNE/353/2018-20


# ആരംഭം

ഓരോ പുതുവർഷവും ഒരു പുതിയ ആരംഭമായി കണക്കാക്കുന്നവരാണ് നാം. അനവധിയായ അഭിലാഷങ്ങളും സ്വപ്നങ്ങളും ഹൃദയത്തിൽ സൂക്ഷിക്കുന്ന നമുക്കോരോരുത്തരുടേയും മുന്നിലേക്ക് അവയെല്ലാം പൂർത്തീകരിക്കാൻ സാധിക്കുന്ന രീതിയിലുള്ള അവസരങ്ങളും കൃപകളും നിറഞ്ഞ പുതുവർഷമായിരിക്കട്ടെ നമ്മെ കാത്തിരിക്കുന്നത്. ഓരോ പുതുവർഷത്തിലും മുടക്കം വരാതെ നാം കേൾക്കുന്ന ചില പദങ്ങളുണ്ട്, Resolutions, Target അങ്ങനെ നീളുന്ന ചില പദാവലികൾ. നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ഉതകുന്ന പുതിയ തീരുമാനങ്ങളും പുതിയ ലക്ഷ്യങ്ങളുമായി ഈ പുതുവർഷത്തെ നമുക്ക് സ്വാഗതം ചെയ്യാം.

മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികവും ഈ പുതുവർഷത്തിൽ നാം ആചരിക്കുകയാണ്. ശ്ലീഹയിലൂടെ രക്ഷകനെ അറിയാനും അനുഭവിക്കാനും ഒരു പുതു അവസരം കൂടി ഈ വർഷം നമുക്ക് ലഭിക്കുന്നു. ജീവിതത്തെ കുറിച്ചുള്ള നമ്മുടെ സ്വപ്നങ്ങൾക്കൊപ്പംതന്നെ ദൈവത്തിനു നമ്മെക്കുറിച്ചുള്ള സ്വപ്നങ്ങളെയും നമുക്ക് ചേർത്ത് പിടിക്കാം. നമ്മുടെ പുതുവർഷ റെസൊല്യൂഷനുകളിൽ തോമാശ്ലീഹായുടെ ദൈവത്തിങ്കൽ എത്തിച്ചേരുക എന്ന നമ്മുടെ അത്യന്തികമായ Target കൂടി നമുക്കു സൂക്ഷിക്കാം. നമ്മുടെ ഓരോരുത്തരുടെയും വിശ്വാസത്തിന്റെ പിതാവിനെ ആഴത്തിൽ വരച്ചു കാട്ടാൻ ഉള്ള ഒരു ശ്രമമാണ് ഈ ലക്കം Lantern ശ്രമിക്കുന്നത്. എല്ലാ വായനക്കാർക്കും പുതുവർഷത്തിന്റെ എല്ലാ നന്മകളും നേരുന്നതോടൊപ്പം വിശ്വാസത്തിന്റെ പുതിയ തലങ്ങൾ തിരിച്ചറിയാൻ ഈ പുതുവർഷാചരണം സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.




# THE APOSTOLIC ZEAL OF ST. THOMAS



Compiled By
**Dr. Francis Eluvathingal**
Protosyncellus, Diocese of Kalyan

St. Thomas, while evangelizing the Indian soil, embraced martyrdom at Mylapore in AD 72. The year 2022 marks the 1950th death anniversary (dukrana) of St. Thomas the Apostle. Reflecting back on the apostolicity of Thomas, we thank God for his providential care for giving Apostle Thomas for India. God was gracious to India as he decided to send one out of 12 apostles to India.

The most beautiful patrimony that we have received from Apostle Thomas is his faith proclamation, 'Mar Valah', my Lord and my God. Thomas went around with Jesus for three years. Seeing the miracles performed by Jesus and hearing the teachings given, Thomas would have become more and more convinced of the specialty of this human person. Further when he witnessed the suffering, death and resurrection of our Lord, he expressed his deep rooted faith in the Lord, calling him the Lord and God, "Mar Valah".




Journey from knowledge to faith is the most important phase of our life. Thomas did go through such a phase. The man Jesus, who was born to Mary under the foster-father Joseph and lived on earth for 33 years, is the Jesus of history. By fulfilling the will of the father and by saving the humanity from the bondage of sins, this historical Jesus becomes the savior and Christ of faith. Thomas recognized the Jesus of history as Christ of faith and he proclaimed it by saying My Lord and my God. With this deep experience and a great sense of fulfillment and excitement that flowed out from the realization "we have found the Messiah" (Jn 1:41), Thomas, with immense apostolic zeal, started his mission.


# The Missionary Inspiration from St. Thomas

Among the 12 Apostles, St. Thomas had the courage to make the longest travel to the far of land to preach the Good News. If we take the length of the journey each apostle did, including St. Paul, it seems that St. Thomas stands in the first. The then India was considered to be the one end of the World. St. Thomas was the first Christian to come to India. The religious, cultural, geographical, political and linguistic situation of the then India was much different from that of today. The means of travel was much more tedious. In spite of these, St. Thomas took up challenges and preached the Gospel in India. He depended on his Lord and God who promised him to be there till the end of the world.

The same zeal for the missions that has been transmitted through generations has resulted in a good number of missionaries from this Church, who are scattered not only in India but across the globe. This missionary zeal for the souls shall remain as a sign of gratitude of our Church to the Lord for sending His most zealous missionary to India. This year in a very special way we are called to keep in our mind "a commitment to the mission ad gentes". May this question, "who will go for me"; (Isaiah 6:8) to be a messenger of God's love continue to echo in our hearts.


We should be ready to seek the most effective ways of proclaiming the Word of God, even at the risk of persecution. The life style of Thomas in the alien land and culture to preach the Word of God to all different people is to be imbibed by us as well. He preached the Word of God to the kings, ministers, merchants, religious persons, the rich and the poor. When faced with opposition, he neither stopped his mission nor went back to his homeland; he went on preaching and establishing Christian communities. The world today, especially our homeland is not free of troubles. In spite of that, this missionary courage inherited, shall not be diminished. St. Thomas Christians remain fully Indian in culture because St. Thomas did not impose his culture on the community, but he proclaimed the Gospel and baptized them.

St. Thomas throughout his Missionary work aimed at the formation of Christian communities where Jesus' message is lived and witnessed. Proclamation bears fruits only when the message is lived faithfully by the Christian faithful. This Thomasine Missionary Vision was followed by the early St. Thomas Christians. This missionary methodology shall be given prior importance. Let us "encourage one another and build one another up" (1 Thess 5:11) especially the missionary teams so that they form intensively new Christian communities.



St. Thomas was never frightened of death, rather he was longing for it. Martyrdom is not a mere death but a living testament. A missionary is fearless of death. I pray that this year gives us convictions to accept St. Thomas as a model for the missions and that we rise from our slumber of fear and lethargy and stand up for Evangelization.

# Early Life and Biblical References of St. Thomas



Thomas, masculine gender, also called Te'oma (in Aramaic) and Didymus (in Greek) means "Twin". Early church traditions state that he had a twin sister Lydia, but in Syriac tradition he is called Judas Thomas as the twin brother of Jesus. He is called Judas Thomas (i.e., Judas the Twin) by the Syrians. Thomas probably was born in Galilee, city of Pansada. Scripture suggests that he was a fisherman, not a full-fledged owner but a helper. The Acts of Thomas suggests that Thomas was a carpenter and a member of Jesus' immediate family. Legend places that Thomas was an architect.

He was the first one of the Twelve to enter the Gospels practically unnoticed. The first seven apostles had been mentioned before their calling, but Thomas' name appears for the first time in the list of the apostles. St. John recorded a few very significant words about Thomas in three passages; these words reveal the whole nature of Thomas. First, when Jesus announced His intention of returning to Judea to visit Lazarus, Thomas who is called Didymus, said to his fellow disciples: "Let us also go, that we may die with him" (Jn 11:16). Second, the discourse before the Last Supper raised an objection: Thomas said to him: "Lord, we do not know where you are going; how can we know the way?" And Jesus answered Thomas: "I am the way, and the truth, and the life." (Jn 14:5). Third, Thomas makes that historical confession as, "My Lord and my God!"(Jn 20:27-28). His sudden realization of truth made Thomas the first person to explicitly acknowledge Jesus' divinity.

Doubting Thomas: Unfortunately Thomas is known with the nickname "Doubting Thomas". He strengthened all of us who believe, whether we see or not, Thomas was called to be an apostle - he who believed only because he had seen. It was the Divine Providence, not mere chance, that this one apostle was not present with the others on that first Easter evening. He persisted on his unhappy doubt so that we might be happy in our grace of belief. If at all a fair nickname was to be given to Thomas, it should have been "Courageous Thomas" for his "Let us go with him, so that we may die with him" statement.

# Works Related to St. Thomas

The Acts of Judas Thomas, an apocryphal literature, has a value as the first and the earliest of the written documents about the apostolate and martyrdom of St. Thomas in India. It was written in Syriac probably in Edessa between 180 - 230 AD; hence it is not written by Apostle Thomas. The Gospel of Thomas has been discovered from two different places, two languages, two versions, and two different times: a Coptic translation and a Greek translation. The Gospel of Thomas contains the secret sayings that the living Jesus spoke and Thomas recorded.

A number of early Christian writings, written during centuries immediately following the first Ecumenical Council of 325, mention Thomas' mission such as a Syrian ecclesiastical calendar, the Didascalia (end of 3rd century), Bar-Daisan (154–223), Vincent A. Smith, Hippolytus, Eusebius, St John Chrysostom, Mar Aprem, Marco Polo, etc. In AD 522, Cosmas Indicopleustes visited the Malabar Coast. In his book Christian Topography, he mentions that in the town of "Kalliana", there is a bishop consecrated in Persia. In AD 822, two Nestorian Persian Bishops Mar Sapor and Mar Peroz came to Malabar, to occupy their seats in Kollam and Kodungallur, to look after the local Syrian Christians.

Some of the Popes have written categorically about the apostolic mission of St. Thomas such as in the Roman Martyrology revised in 1584 by the order of Pope Gregory XIII; in 1952, on the occasion of the 1900 years after the coming of St. Thomas to India, Pope Pius XII; In 1972, 1900 years after the commonly accepted date of the death of St. Thomas, Pope Paul VI; on 27 September 2006, Pope Benedict XVI.



Paintings: **Rose Andrews**, Nerul Parish



# Apostolic Mission of St. Thomas

The apostle Thomas, after our Lord's ascension, preached the gospel in various parts of Judaea; till at length, being interrupted by the dispersion of the Christian church in Jerusalem, he repaired into Parthia. Leaving Persia, he travelled into Ethiopia, preaching the glad tidings of the gospel, healing the sick, and working other miracles, to prove he had his commission from on high.

According to the Acts of Judas Thomas, Apostle Thomas first came from Jerusalem with Habban, the merchant of King Gundaphor to Alexandria, Aden and Sokotra and from there to Barygaza (Bharukaccha), Gujarat, India in 44 - 48 AD. As there were Christians in Thane, Nallasopara and Kalyan it is possible St. Thomas had connections with Maharashtra too.

After the Jerusalem council (AD 50) Thomas decided to come back to India for continuing his missionary works. But in 51 AD the Parthian King Gundaphoras died; and the Kushans attacked his Kingdom. So St. Thomas took the sea route through Alexandria, Aden, Sokotra to Muziris (Kodungallur) and in the year 52 AD St. Thomas arrived in Muziris (Kodungalloor) which was then called Maliankara.

Thomas has preached the gospel throughout India especially the Malabar coast, though the various churches he founded were located mainly on the Periyar River and its tributaries and along the coast, where there were Jewish colonies. He reputedly preached to all classes of people and had about 17,000 converts, including members of the four principal castes.

From Kodungalloor Thomas then went to Palayoor (near present-day Guruvayoor), which was a Hindu priestly community at that time. He left Palayoor for the southern part of what is now Kerala State, where he established the Ezharappallikal, or "Seven and Half Churches". These churches are at Kodungallur (Cranganore, Maliankara), Quilon (Kollam), Niranam, Nilackal (Chayal), Kokkamangalam, Kottakkavu (Paravoor, Parur) and Palayoor(Palur). According to the tradition Malayattoor and Thiruvithancode are the other pilgrim places of St. Thomas.

The existence of an early Christian community in south India in the name of St. Thomas Christians is an unquestionable proof of the Apostolate of St. Thomas in South India.

# Relics of St. Thomas

In AD 232 the greater portion of relics of the Apostle Thomas is said to have been sent by an Indian king and brought from Mylapore to the city of Edessa, Mesopotamia. Thereafter in 1141, the relics were taken to Chios, a Greek island, and in 1258, the relics were transported to the West by crusaders, and now rest in Ortona, Italy.

In the year 2002 AD Bishop Mar Thomas Elavanal was privileged to receive a particle of the bones of St. Thomas for the Diocese of Kalyan which was solemnly installed at the Cathedral Church in Kalyan West by the then Major



Archbishop Mar Varkey Cardinal Vithayathil. In the context of the Silver Jubilee celebration and the Year of St. Thomas, the relic was taken for veneration to all the parishes and mission centers of the diocese and solemnly re-installed at the St. Thomas Cathedral Church at Kalyan West on 1st May 2013 by Mar Thomas Elavanal.

Feast Day and Patronage of St. Thomas

When the feast of Saint Thomas was inserted in the Roman calendar in the 9th century, it was assigned to 21st December, the day on which he was martyred. In 1969, the feast celebration date was transferred to July 3rd (in memory of the relic translation to Edessa), so that it would no longer interfere with the major ferial days of the Advent. Now, the feast day of St. Thomas in Roman and Syrian Catholic churches is celebrated on 3rd July. It is called the feast of Dukrana or the feast of remembrance. It is celebrated as Indian Christian Day by believers belonging to many Christian denominations. The Syro-Malabar Church celebrates its Sabha Dinam on July 3rd.

In addition, the next Sunday of the Easter (Pascha) is celebrated as Sunday of Thomas, in commemoration of Thomas' question to Jesus which led him to proclaim, 'My Lord and My God'. This day is known as Puthunjayar in Kerala. St. Thomas is also commemorated in common with all of the other apostles on June 30, in a feast called the Synaxis of the Holy Apostles.

St. Thomas is considered to be the patron saint of architects, builders, carpenters, construction workers, geometricians, masons, stone cutters, surveyors, theologians, people who have doubts in faith and blind. He is regarded as the patron saint of India among its Christian adherents. The Eparchy of Kalyan is blessed to have the heavenly assistance through the intercession of St. Thomas the Apostle, its patron.

# Martyrdom of St. Thomas

A Christian martyr is regarded as one who is put to death for his Christian faith or convictions. Saint Thomas became a martyr in 72 AD. There are different traditions regarding his death, right from a king ordering a high priest to stab him, to the Brahmins stabbing Thomas for converting multitude to Christian faith.

The traditions of Malabar, Coromandel and the Persian Church held that Thomas the Apostle died near the ancient town of Mylapore. After he was killed at Little Mount (Chinnamala) his body was brought to Mylapore and buried inside the church he had built there. A pot containing earth, probably moistured by his blood and the lance with which he was pierced were both buried in his tomb. Today, the Shrine preserves a small bone of the Saint and the head of the lance with which the Saint was pierced. It seems that Mylapore became famous only after the Portuguese came to colonize India.

# വി. തോമാശ്ലീഹായുടെ സുവിശേഷപ്രഘോഷണ തീക്ഷ്ണത



Translated By
**Fr. Shaiju Kattayath**
Diocese of Kalyan

ഭാരതത്തിൽ സുവിശേഷപ്രഘോഷണം നടത്തി വരവേ AD-72ൽ തമിഴ്നാട്ടിലെ മൈലാപ്പൂരിൽ വച്ചാണ് വി. തോമാശ്ലീഹാ രക്തസാക്ഷിത്വം വരിക്കുന്നത് – ഇതിന്റെ 1950 –ാം ഓർമവർഷമാണ് (ദുക്റാനാ) 2022. തന്റെ പന്ത്രണ്ട് ശിഷ്യരിൽ ഒരുവനായ തോമാശ്ലീഹായെ ഭാരതത്തിന്റെ അപ്പസ്തോലനായി നൽകിയ ദൈവത്തിനു നന്ദി പറയാം.

തോമാശ്ലീഹായിൽ നിന്നും ലഭിച്ച ഏറ്റവും മൂല്യമുള്ള പൈതൃകം ‘‘എന്റെ കർത്താവേ, എന്റെ ദൈവമേ!’’ (മാർ മാലാഹ്) എന്നുള്ള അദ്ദേഹത്തിന്റെ വിശ്വാസപ്രഖ്യാപനമാണ്. ഈശോയോടൊപ്പം 3 വർഷം സഞ്ചരിച്ചവനാണ് തോമസ്. ഈശോ പ്രവർത്തിച്ച അത്ഭുതങ്ങൾ കണ്ടും, അവിടുത്തെ പ്രബോധനങ്ങൾ ശ്രവിച്ചും ഈശോ എന്ന മനുഷ്യനിലെ ദൈവീകത തോമസ് മനസ്സിലാക്കിയിരുന്നു. അതോടൊപ്പം ഈശോയുടെ പീഡാസഹനത്തിനും, മരണത്തിനും, ഉത്ഥാനത്തിനും കൂടി സാക്ഷ്യം വഹിച്ചപ്പോൾ തോമസ് ഈ വിശ്വാസം അടിയുറച്ച ബോധ്യമായി ഉറക്കെ പ്രഖ്യാപിച്ചു, ‘‘എന്റെ കർത്താവേ! എന്റെ ദൈവമേ!’’ അറിവിൽ നിന്ന് വിശ്വാസത്തിലേക്കുള്ള യാത്രയാണ് നമ്മുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടം. തോമസ് അത്തരമൊരു ഘട്ടത്തിലൂടെ കടന്നുപോയി. വളർത്തച്ഛനായ

യൗസേപ്പിതാവിന്റെ സംരക്ഷണത്തിൽ, പരിശുദ്ധ അമ്മയിൽ ജനിച്ച് 33 വർഷം ഭൂമിയിൽ ജീവിച്ച മനുഷ്യനായ യേശു ചരിത്രത്തിലെ യേശുവാണ് (Jesus of History). പിതാവിന്റെ ഇഷ്ടം നിറവേറ്റി, പാപങ്ങളുടെ അടിമത്തത്തിൽ നിന്ന് മനുഷ്യരാശിയെ രക്ഷിച്ചുകൊണ്ട്, ഈ ചരിത്രപുരുഷനായ യേശു വിശ്വാസിയുടെ രക്ഷകനും ക്രിസ്തുവുമായി (Christ of Faith) മാറുന്നു. ചരിത്രത്തിലെ യേശുവിനെ വിശ്വാസത്തിന്റെ ക്രിസ്തുവായി തോമസ് തിരിച്ചറിഞ്ഞു; ''എന്റെ കർത്താവേ, എന്റെ ദൈവമേ!'' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം അത് പ്രഖ്യാപിച്ചു. ''ഞങ്ങൾ മിശിഹായെ - ക്രിസ്തുവിനെ - കണ്ടു'' (Jn. 1:41) എന്ന ബോധ്യത്തിൽ നിന്നു പ്രവഹിച്ച ഈ ആഴത്തിലുള്ള അനുഭവവും ആവേശവും കൊണ്ട് അളവറ്റ അപ്പസ്തോലികതീക്ഷ്ണതയോടെ തോമസ് തന്റെ ദൗത്യം ആരംഭിച്ചു.

## പ്രേഷിതപ്രവർത്തനങ്ങൾക്കായി തോമാശ്ലീഹാ നൽകുന്ന പ്രചോദനം

12 അപ്പസ്തോലന്മാരിൽ, സുവിശേഷം അറിയിക്കുന്നതിനായി വിദൂരദേശങ്ങളിലേക്ക് യാത്ര ചെയ്യാൻ മാത്രം ധീരനായിരുന്നു തോമസ്. വി. പൗലോസ് ഉൾപ്പെടെ ഓരോ അപ്പസ്തോലന്മാരും നടത്തിയ യാത്രയുടെ ദൈർഘ്യം എടുത്താൽപ്പോലും തോമാശ്ലീഹാ ആയിരിക്കാം ഒന്നാമത് നിൽക്കുന്നത്. ലോകത്തിന്റെ ഒരു അതിർത്തി ആയിട്ടാണ് ഒന്നാം നൂറ്റാണ്ടിലെ ഇന്ത്യ കണക്കാക്കപ്പെട്ടിരുന്നത്. അന്നത്തെ ഇന്ത്യയുടെ മതപരവും സാംസ്കാരികവും ഭൂമിശാസ്ത്രപരവും രാഷ്ട്രീയവും ഭാഷാപരവുമായ സാഹചര്യങ്ങൾ ഇന്നത്തേതിൽനിന്നും വളരെ വ്യത്യസ്തമായിരുന്നു; ഗതാഗതം വളരെ കഠിനവും മടുപ്പിക്കുന്നതും. എങ്കിലും, തോമാശ്ലീഹാ ഈ വെല്ലുവിളികൾ ഏറ്റെടുക്കുകയും ഭാരതത്തിൽ വന്ന് സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. ലോകവസാനം വരെ കൂടെയുണ്ടാകുമെന്ന് വാഗ്ദാനം ചെയ്ത തന്റെ കർത്താവിലും ദൈവത്തിലും അവൻ ആശ്രയിച്ചു.


തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ഇതേ മിഷനറി തീക്ഷ്ണതയാണ് ഭാരതത്തിൽ മാത്രമല്ല ലോകമെമ്പാടും മിഷനറിമാരെ ജനിപ്പിക്കാൻ ഭാരതസഭക്ക് പ്രചോദനമായത്. തന്റെ ഏറ്റവും തീക്ഷ്ണതയുള്ള മിഷനറിയെ ഭാരതത്തിലേക്ക് അയച്ചതിന്, നമ്മുടെ സഭയ്ക്ക് കർത്താവിനോടുള്ള കൃതജ്ഞതയുടെ അടയാളമായി, ആത്മാക്കൾക്കുവേണ്ടിയുള്ള ഈ മിഷനറി തീക്ഷ്ണത നിലനിൽക്കും. വിജാതീയ സുവിശേഷപ്രഘോഷണപ്രവർത്തനങ്ങൾക്കായുള്ള ഒരു പ്രത്യേക പ്രതിബദ്ധത മനസ്സിൽ സൂക്ഷിക്കുവാൻ ഈ വർഷാചരണം നമ്മെ ക്ഷണിക്കുന്നു. ''ആരെയാണ് ഞാൻ അയയ്ക്കുക'' (ഏശ. 6:8). എന്ന ചോദ്യം, ദൈവസ്നേഹത്തിന്റെ സന്ദേശവാഹകനാകാൻ നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കട്ടെ.

മതമർദ്ദനത്തിന്റെ സാധ്യതകളുള്ളപ്പോഴും ദൈവവചനപ്രഘോഷണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങൾ നാം കണ്ടെത്തണം. അന്യനാട്ടിലും - സംസ്കാരത്തിലും - വ്യത്യസ്തരായ ജനങ്ങൾക്കിടയിലും സുവിശേഷം പ്രസംഗിച്ച തോമാശ്ലീഹായുടെ ജീവിതശൈലി നാം ഉൾക്കൊള്ളേണ്ടതാണ്. രാജാക്കന്മാരോടും മന്ത്രിമാരോടും വ്യാപാരികളോടും ദൈവവിശ്വാസികളോടും ധനികരോടും ദരിദ്രരോടും അവൻ ദൈവവചനം പ്രസംഗിച്ചു. എതിർപ്പുകൾ നേരിടേണ്ടി വന്നപ്പോൾ, അദ്ദേഹം തന്റെ ദൗത്യം നിർത്തുകയോ സ്വന്തം നാട്ടിലേക്ക് മടങ്ങുകയോ ചെയ്തില്ല; മറിച്ച്, ധീരതയോടെ സുവിശേഷം പ്രസംഗിച്ച് ക്രിസ്തീയ സമൂഹങ്ങൾ സ്ഥാപിച്ചു. ഇന്നത്തെ സാഹചര്യങ്ങൾ പ്രതികൂലമാണെങ്കിലും പൈതൃകമായി നമുക്കു ലഭിച്ച മിഷനറിതീഷ്ണത ഒട്ടും കുറയാൻ പാടില്ല. മാർത്തോമാ ക്രിസ്ത്യാനികൾ പൂർണ്ണമായും ഭാരതീയ സംസ്കാരത്തിന്റെ ഭാഗമാണ്, കാരണം, താൻ രൂപം കൊടുത്ത കൂട്ടായ്മകളിൽ തോമാശ്ലീഹാ തന്റെ യഹൂദ സംസ്കാരം അടിച്ചേൽപ്പിച്ചില്ല. എന്നാൽ ഭാരതീയ സംസ്കാരത്തിന്റെ മനോഹാരിതകളോട് ക്രിസ്തുസത്യത്തെ പൂർണ്ണമായും സന്നിവേശിപ്പിച്ചു.

യേശുവിന്റെ സന്ദേശം ജീവിക്കുകയും സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന ക്രിസ്ത്യൻ സമൂഹങ്ങളുടെ രൂപീകരണമായിരുന്നു തോമാശ്ലീഹായുടെ ലക്ഷ്യം. ക്രിസ്ത്യാനികൾ ഈ സന്ദേശം വിശ്വസ്തതയോടെ ജീവിക്കുമ്പോൾ മാത്രമാണ് സുവിശേഷപ്രഘോഷണപ്രവർത്തനങ്ങൾ ഫലദായകമാകുക. ആദ്യകാല മാർത്തോമാ നസ്രാണികൾ ഈ മിഷനറി ദർശനം

പിന്തുടർന്നവരാണ്; ഇതിന് ഇന്നും മുൻതൂക്കം നൽകപ്പെടേണ്ടിയിരിക്കുന്നു. നാം "തമ്മിൽത്തമ്മിൽ ആശ്വസിപ്പിക്കുകയും പരസ്പരോന്നമനത്തിനുവേണ്ടി യത്നിക്കുകയും ചെയ്തു (1 തെസ. 5:11) മിഷനറി കൂട്ടായ്മകളും ക്രിസ്തീയ സമൂഹങ്ങളും രൂപീകരിക്കാം.

മരണത്തെ ഭയപ്പെടാതെ രക്തസാക്ഷിത്വത്തിനായി കൊതിച്ചവനായിരുന്നു തോമാശ്ലീഹാ. രക്തസാക്ഷിത്വം വെറുമൊരു മരണമല്ല; ജീവിക്കുന്ന ഒരു സാക്ഷ്യമാണത്. ഒരു മിഷനറി മരണത്തെ ഭയപ്പെടുന്നില്ല. മാർതോമാശ്ലീഹായെ ഒരു പ്രേഷിതമാതൃകയായി സ്വീകരിക്കാനും ഭയത്തിന്റെയും അലസതയുടെയും നിദ്രയിൽ നിന്നും ഉണർന്നെഴുന്നേറ്റ് സുവിശേഷപ്രഘോഷണത്തിനായി പ്രവർത്തിക്കുന്നതിനുള്ള ബോധ്യം നമുക്ക് ലഭിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.




## തോമാശ്ലീഹായുമായി ബന്ധപ്പെട്ട കൃതികൾ

ഇന്ത്യയിലെ തോമാശ്ലീഹായുടെ സുവിശേഷാപ്രവർത്തനത്തെയും രക്തസാക്ഷിത്വത്തെയും പ്രതിപാദിക്കുന്ന രേഖാമൂലമുള്ള കൃതികളിൽ ആദ്യത്തേതും എന്നാൽ ഒരു അപ്പോക്രിഫൽ സാഹിത്യഗ്രന്ഥവുമാണ് "യൂദാതോമസിന്റെ നടപടികൾ" AD 180 - 230 കാലത്ത് എദേസ്സയിലായിരിക്കാം ഈ സുറിയാനി ഗ്രന്ഥം രചിക്കപ്പെട്ടത്; അതിനാൽ ഇത് അപ്പസ്തോലന്റെ വ്യക്തിരചനയല്ല. "തോമസിന്റെ സുവിശേഷം" രണ്ട് വ്യത്യസ്തസ്ഥലങ്ങളിൽ നിന്നും രണ്ട് ഭാഷകളിൽ - രണ്ട് പതിപ്പുകളിൽ - രണ്ട് വ്യത്യസ്ത സമയങ്ങളിൽ കണ്ടെത്തി : ഒരു കോപ്റ്റിക് പരിഭാഷയും ഒരു ഗ്രീക്ക് പരിഭാഷയും. ഈശോ ജീവിച്ചിരിക്കെ സംസാരിച്ചതും തോമാശ്ലീഹാ രേഖപ്പെടുത്തിയതുമായ രഹസ്യവചനങ്ങൾ "തോമസിന്റെ സുവിശേഷ"ത്തിൽ അടങ്ങിയിരിക്കുന്നു.

AD 325 ലെ ആദ്യത്തെ എക്യുമെനിക്കൽ കൗൺസിലിനു പിന്നാലെ എഴുതപ്പെട്ട നിരവധി ആദ്യകാല ക്രിസ്ത്യൻ രചനകൾ, സിറിയൻ സഭാകലണ്ടർ, Didascalia (3-ാം നൂറ്റാണ്ടിന്റെ അവസാനം), ബർദൈസൻ (154 - 223), വിൻസെന്റ് എ. സ്മിത്ത്, ഹിപ്പോളിറ്റഡ്, എവുഡേബിയൂസ്, വി. ജോൺ ക്രിസോസ്തം, മാർ അപ്രേം, മാർ കോപോളോ തുടങ്ങിയവർ തോമാശ്ലീഹായുടെ മിഷനറി ദൗത്യങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. AD 522ൽ "Cosmas Indicopleustes മലബാർ തീരം സന്ദർശിച്ചു. Christian Topography എന്ന തന്റെ ഗ്രന്ഥത്തിൽ "കല്ലിയാന" എന്ന പട്ടണത്തിൽ, പേർഷയിൽ വച്ച് കയ്‌വപ്പു സ്വീകരിച്ച ഒരു മെത്രാനുണ്ട് എന്ന് അദ്ദേഹം പരാമർശിക്കുന്നു. AD 822 ൽ പേർഷ്യക്കാരായ രണ്ട് നെസ്തോറിയൻ മെത്രാന്മാർ - മാർ സപോറും മാർപെറോസും - മലബാറിലെത്തുകയും കൊല്ലത്തും കൊടുങ്ങല്ലൂരും തങ്ങളുടെ മെത്രാസനങ്ങൾ സ്ഥാപിച്ച് തദ്ദേശീയരായ സുറിയാനി ക്രിസ്ത്യാനികളെ പരിപാലിച്ചുപോന്നു.

തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെക്കുറിച്ച് ചില മാർപ്പാപ്പമാർ വളരെ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. ഗ്രിഗറി 13-ാമൻ മാർപ്പാപ്പയുടെ നിർദ്ദേശപ്രകാരം 1584-ൽ ക്രോഡീകരിച്ച "Roman Martyrdogy; 1952ൽ, തോമാശ്ലീഹാ ഭാരതത്തിൽ വന്ന് 1900 വർഷം പിന്നിട്ട അവസരത്തിൽ പിയൂസ് 12-മൻ മാർപ്പാപ്പ; 1972 -ൽ പോൾ ആറാമൻ പാപ്പ;



2006 സെപ്തംബർ 27ന് ബെനഡിക്ട് 16-മൻ മാർപ്പാപ്പ തുടങ്ങിയവർ തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്തെ അടിവരയിട്ടു പറിപ്പിച്ചവരാണ്.

## തോമാശ്ലീഹായുടെ അപ്പസ്തോല ദൗത്യം

ഈശോയുടെ സ്വർഗ്ഗാരോഹണത്തിനുശേഷം യൂദയായുടെ വിവിധ ഭാഗങ്ങളിൽ തോമാശ്ലീഹാ സുവശേഷം പ്രസംഗിച്ചു. ജറുസലേമിൽ നിന്നും ക്രിസ്ത്യാനികൾ ചിതറിക്കപ്പെട്ടപ്പോൾ അദ്ദേഹം പാർത്തിയായിലേക്കും പിന്നീട് പേർഷ്യയിലേക്കും സഞ്ചരിച്ചു. പിന്നീട് എത്യോപ്യയിലേക്കും. എല്ലായിടത്തും അദ്ദേഹം സുവിശേഷം പ്രസംഗിക്കുകയും രോഗികളെ സുഖപ്പെടുത്തുകയും മറ്റ് അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു.

''യൂദാസ് തോമസിന്റെ നടപടികൾ'' അനുസരിച്ച്, തോമാശ്ലീഹാ ഗുണ്ടഫർ രാജാവിന്റെ വ്യാപാരിയായ ഹബ്ബാനോടൊപ്പം ആദ്യമായി ജറുസലെമിൽ നിന്നും അലക്സാണ്ട്രിയ, ഏദൻ, സൊകോത്ര എന്നിവിടങ്ങളിലേക്കും അവിടെ നിന്ന് ഇന്ത്യയിലെ ഗുജറാത്തിലെ ബാരിഗാഡയിലേക്കും (ഭറുകച്ച) AD 44-48 കാലഘട്ടത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. താനെ, നല്ലസൊപ്പാര, കല്യാൺ എന്നിവിടങ്ങളിൽ പുരാതന ക്രൈസ്തവ സാന്നിധ്യമുള്ളതിനാൽ തോമാശ്ലീഹായ്ക്ക് മഹാരാഷ്ട്ര ആയും ബന്ധമുണ്ടായിരിക്കാം.

AD 50 ലെ ജറുസലെം കൗൺസിലിനുശേഷം തോമസ് തന്റെ മിഷനറി പ്രവർത്തനങ്ങൾ തുടരുന്നതിനായി ഇന്ത്യയിലേക്കു മടങ്ങാൻ തീരുമാനിച്ചു. എന്നാൽ AD 51 ൽ പാർത്തിയൻ രാജാവായ ഗുണ്ടഫോറസ് മരിച്ചു; കുശാന്മാർ അദ്ദേഹത്തിന്റെ രാജ്യം ആക്രമിച്ചു. അതിനാൽ, തോമാശ്ലീഹാ അലക്സാണ്ട്രിയ, ഏദൻ, ഡോകോത്ര എന്നിവിടങ്ങളിലൂടെ മുസിരിസിലേക്ക് (കൊടുങ്ങല്ലൂർ) AD 52 ൽ കടൽമാർഗ്ഗം എത്തിച്ചേർന്നു. അക്കാലത്ത് കൊടുങ്ങല്ലൂർ മാല്ല്യങ്കര എന്നും അറിയപ്പെട്ടിരുന്നു.

തോമാശ്ലീഹാ സ്ഥാപിച്ച ക്രൈസ്തവ സമൂഹങ്ങൾ പെരിയാർ നദിയുടെ കൈവഴികളുടെ തീരങ്ങളിലും, യഹൂദ കോളനികളുള്ള തീരപ്രദേശങ്ങളിലുമാണ് സ്ഥിതി ചെയ്യുന്നതെങ്കിലും, അദ്ദേഹം ഇന്ത്യയിലുടനീളം,



പ്രത്യേകിച്ച് മലബാർ തീരദേശത്ത്, സുവിശേഷം പ്രസംഗിച്ചു. എല്ലാ വിഭാഗം ആളുകളോടും അദ്ദേഹം സുവിശേഷം പ്രസംഗിക്കുകയും നാല് പ്രധാന ജാതികളിലേതുൾപ്പെടെ ഏകദേശം 17,000 പേർക്ക് ജ്ഞാനസ്നാനം നൽകുകയും ചെയ്തു.

കൊടുങ്ങല്ലൂരിൽ നിന്നും തോമസ് അക്കാലത്തെ ഒരു ഹിന്ദു പുരോഹിതസമൂഹമായിരുന്ന പാലയൂരിലേക്കു പോയി; പിന്നീട് ഇന്നത്തെ കേരള സംസ്ഥാനത്തിന്റെ തെക്ക് ഭാഗത്തേക്കും. അവിടെ ഏഴരപ്പള്ളികൾ സ്ഥാപിച്ചു; കൊടുങ്ങല്ലൂർ, കൊല്ലം, നിരണം, നിലക്കൽ (ചായൽ), കൊക്കമംഗലം (പറവൂർ), കോട്ടക്കാവ്, പാലയൂർ എന്നിവിടങ്ങളിലാണ് ഈ പള്ളികൾ. പാരമ്പര്യമനുസരിച്ച് മലയാറ്റൂരും തിരുവിതാംകോടും തോമാശ്ലീഹായുടെ പാദസ്പർശമേറ്റ തീർത്ഥാടന ഇടങ്ങളാണ്.

മാർത്തോമാ ക്രിസ്ത്യാനികൾ എന്ന പേരിൽ ദക്ഷിണേന്ത്യയിൽ ഒരു ആദ്യകാല ക്രിസ്ത്യൻ സമൂഹം നിലനിന്നിരുന്നു എന്നത് തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിന്റെ ചോദ്യം ചെയ്യാനാവാത്ത തെളിവാണ്.

## തോമാശ്ലീഹായുടെ രക്തസാക്ഷിത്വം

യേശുക്രിസ്തുവിനെ ദൈവമായികണ്ട് അവനിൽ വിശ്വസിക്കുന്നുവെന്ന കാരണത്താൽ വധിക്കപ്പെടുന്നയാളാണ് ക്രിസ്തീയ രക്തസാക്ഷി. AD 72-ൽ തോമാശ്ലീഹാ രക്തസാക്ഷിയായി. ഇതു സംബന്ധിച്ച് പല പാരമ്പര്യങ്ങളും നിലവിലുണ്ട്. മലബാർ, കോറമാണ്ടൽ, പേർഷ്യൻസഭ എന്നിവയുടെ പാരമ്പര്യങ്ങൾ അനുസരിച്ച് പുരാതന പട്ടണമായ മൈലാപ്പൂരിനടുത്താണ് തോമാശ്ലീഹാ രക്തസാക്ഷിയാക്കപ്പെടുന്നത്. ചിന്നമലയിൽ വച്ച് കൊല്ലപ്പെട്ട അദ്ദേഹത്തിന്റെ മൃതശരീരം മൈലാപ്പൂരിൽ കൊണ്ടു വന്ന് അദ്ദേഹം പണിത പള്ളികളിൽ സംസ്കരിച്ചു. അവന്റെ രക്തത്താൽ നനഞ്ഞ മണ്ണ് അടങ്ങിയ ഒരു പാത്രവും അവനെ കുത്തിയ കുന്തവും അവന്റെ ശവകുടീരത്തിൽ അടക്കം ചെയ്തു. വിശുദ്ധന്റെ ഒരു ചെറിയ അസ്ഥിയും വിശുദ്ധനെ കുത്തിയ കുന്തത്തിന്റെ തലയും ഇന്ന് ഈ ദേവാലയത്തിൽ സൂക്ഷിക്കപ്പെടുന്നു. പോർച്ചുഗീസുകാർ ഇന്ത്യയെ കോളനിവത്കരിക്കാൻ വന്നതിനുശേഷമാണ് മൈലാപ്പൂർ വളരെ പ്രശസ്തമായത്.

## തോമാശ്ലീഹായുടെ തിരുശേഷിപ്പുകൾ


AD 232 -ൽ തോമാശ്ലീഹായുടെ ഭൗതികശേഷിപ്പുകളുടെ വലിയൊരു ഭാഗം ഒരു ഇന്ത്യൻ രാജാവ് അയച്ചുവെന്നും മൈലാപ്പൂരിൽ നിന്നും മെസൊപ്പൊട്ടേമിയയിലെ ഏദേസ്സനഗരത്തിലേക്ക് കൊണ്ടു വന്നതായും പറയപ്പെടുന്നു. ഈ തിരുശേഷിപ്പുകൾ പിന്നീട് 1141 ൽ ഗ്രീക്കിലെ കിയോസിലേക്ക് കൊണ്ടുപോയി. കുരിശുയുദ്ധകാലത്ത് (AD 1258) അവ യൂറോപ്പിലേക്ക് കൊണ്ടുപോവുകയും ഇറ്റലിയിലെ ഒർത്തോണയിൽ അന്ത്യവിശ്രമം കൊള്ളുകയും ചെയ്യുന്നു. തോമാശ്ലീഹായുടെ അസ്ഥിയുടെ ഭാഗമടങ്ങുന്ന ചെറിയ തിരുശേഷിപ്പ് AD 2002 ൽ സെന്റ് തോമസ് കത്തീഡ്രലിൽ പ്രതിഷ്ഠിച്ചു.

തിരുനാളും മാധ്യസ്ഥവും

ഒൻപതാം നൂറ്റാണ്ടിൽ റോമൻ കലണ്ടറിൽ തോമാശ്ലീഹായുടെ തിരുനാൾ ഉൾപ്പെടുത്തിയപ്പോൾ, അദ്ദേഹം രക്തസാക്ഷിത്വം വരിച്ച ഡിസംബർ 21-നായിരുന്നു അത്. 1969 ൽ, എദേസ്സയിലേക്കുള്ള തിരുശേഷിപ്പ് കൈമാറ്റം ചെയ്യപ്പെടലിന്റെ ഓർമ്മക്കായി, തിരുനാൾ ആഘോഷതീയതി ജൂലൈ 3 ലേക്കു മാറ്റി. ഇപ്പോൾ റോമൻ, സുറിയാനി ദേവാലയങ്ങളിൽ തോമാശ്ലീഹായുടെ തിരുനാൾ ജൂലൈ 3-നാണ് ആഘോഷിക്കുന്നത്. ദുക്റാനത്തിരുനാൾ അല്ലെങ്കിൽ ഓർമ്മയുടെ തിരുനാൾ എന്ന് ഇതിനെ വിളിക്കുന്നു. നിരവധി ക്രിസ്ത്യൻ ദിനമായി ആഘോഷിക്കുന്നു. സീറോ മലബാർ സഭയുടെ സഭാദിനം ജൂലൈ 3-ന് ആഘോഷിക്കുന്നു.

കൂടാതെ, ഉയിർപ്പുതിരുനാളിനുശേഷമുള്ള ഞായറാഴ്ച "തോമാശ്ലീഹായുടെ ഞായർ" എന്ന പേരിൽ ആഘോഷിക്കാറുണ്ട്; "എന്റെ കർത്താവേ! എന്റെ ദൈവമേ!" എന്നുള്ള തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ ഓർമ്മക്കായാണ് ഈ ആഘോഷം. കേരളത്തിൽ ഈ ദിവസം പുതുഞായർ എന്നറിയപ്പെടുന്നു. ജൂൺ 30 ന് അപ്പസ്തോലന്മാരുടെ സിനാക്സിസ് എന്നറിയപ്പെടുന്ന തിരുനാളിൽ എല്ലാ അപ്പസ്തോലന്മാരോടുമൊപ്പം തോമസിനെയും സ്മരിക്കുന്നു.

ആർക്കിടെക്റ്റുകൾ, മേസ്തിരിമാർ, ആശാരികൾ, നിർമ്മാണതൊഴിലാളികൾ, ജ്യാമിതീയ വിദഗ്ദർ, കല്ല് വെട്ടുന്നവർ, സർവേയർമാർ, ദൈവശാസ്ത്രജ്ഞർ, വിശ്വാസത്തിൽ സംശയമുള്ളവർ, അന്ധർ എന്നിവരുടെ മധ്യസ്ഥനായി തോമാശ്ലീഹാ കണക്കാക്കപ്പെടുന്നു. ഭാരതത്തിലെ ക്രിസ്ത്യാനികൾ അദ്ദേഹത്തെ ഇന്ത്യയുടെ മധ്യസ്ഥൻ ആയി കണക്കാക്കുന്നു. കല്യാൺ രൂപത തന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ തോമാശ്ലീഹായുടെ പ്രാർത്ഥനകളാൽ സ്വർഗ്ഗീയ സഹായം ലഭിക്കാൻ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ■


"LET US GO, THAT WE MAY DIE WITH HIM"
1950TH JUBILEE OF MARTYRDOM (AD 72 - 2022)
MY LORD & MY GOD
YEAR OF ST. THOMAS
EPARCHY OF KALYAN - 2022

K/12.03/21/21

# സർക്കുലർ

പവായ്
18/12/2021

പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരി-സഹോദരൻമാരേ,

യേശുവിന്റെ ശിഷ്യരിൽ ഒരാളായ വി. തോമാശ്ലീഹയാണല്ലോ ഭാരതത്തിൽ ആദ്യമായി ക്രൈസ്തവ വിശ്വാസദീപം കൊളുത്തിയത്. സുവിശേഷവൽക്കരണം നടത്തികൊണ്ടിരിക്കവേ മൈലാപൂരിൽ വച്ച് എ. ഡി. 72-ൽ വി. തോമാശ്ലീഹ രക്തസാക്ഷിത്വം വരിച്ചു. അതിന്റെ 1950-ാം വാർഷികമാണ് 2022 ൽ നാം ജൂബിലി വർഷമായി ആഘോഷിക്കുന്നത്. കോവിഡ് - 19 മഹാമാരിയിൽ നിന്നു നമുക്കിതുവരെ മുക്തി ലഭിക്കാത്തതിനാൽ ഈ ജൂബിലി വർഷചാരണം ആത്മീയാഘോഷമായി മാത്രം ആചരിക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. അതുവഴി, ശ്ലീഹായോടുള്ള നമ്മുടെ ഭക്തിയും, ബന്ധവും, ബഹുമാനവും ഏറ്റവും ഫലപ്രദവും അർത്ഥവത്തുമായി പ്രഘോഷിക്കാം.

'എന്റെ കർത്താവേ, എന്റെ ദൈവമേ' ('Mar Valah') എന്ന ഉറച്ച വിശ്വാസപ്രഖ്യാപനം വഴി വി. തോമാശ്ലീഹ യേശുക്രിസ്തുവിനെ കർത്താവും ദൈവമായി സംശയാതീതമായി അംഗീകരിച്ചു. 12 അപ്പസ്താലന്മാരിൽ വി. തോമാശ്ലീഹ മാത്രമേ വിദൂരദേശത്തേക്ക് യാത്രചെയ്ത് സുവിശേഷം പ്രസംഗിക്കാൻ ധൈര്യം കാണിച്ചുള്ളൂ. അന്നത്തെ ഇന്ത്യ എന്നു പറഞ്ഞാൽ ലോകത്തിന്റെ ഒരു അറ്റത്തു കിടക്കുന്ന ദേശമാണെന്നാണ് കരുതിയിരുന്നത് എന്നോർക്കണം. യേശുശിഷ്യർക്ക് ആവശ്യമായ അതീവ തീക്ഷ്ണതയോടെ, വി. തോമാശ്ലീഹ ഭാരതത്തിൽ തന്റെ ദൗത്യം നിർവഹിച്ചു.

